ശ്രീ. സി. എ. മാത്യു : ഈ രോഗത്തിനു ചികിൽസിക്കാനുള്ള സൗകര്യം കൂടുതൽ ആശുപത്രികളിൽ ഉണ്ടാക്കുന്നതിനും, ഇന്നുള്ളതിനേക്കാൾ ഫലപ്രദമായി ചികിൽസിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇപ്പോഴുള്ളതിൽ കൂടുതൽ സൗകര്യം മറ്റു് ആശുപത്രികളിൽ ഉണ്ടാക്കുന്നതിനു ചില ബുദ്ധിമുട്ടുകൾ ഉണ്ടു്. ആവശ്യമുള്ളിടത്തോളം വിദഗ്ദ്ധന്മാർ ഇല്ലാത്തതുകൊണ്ടു് കൂടുതൽ ആശുപത്രികളിൽ സൗകര്യം ചെയ്തുകൊടുക്കാൻ നിവൃത്തിയില്ല.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ക്യാൻസർരോഗം ചികിൽസിച്ചു് സ്ഥായിയായി ഭേദപ്പെടുത്താൻ പ്രയാസമുള്ളതാണെന്നാണു് അറിയുന്നതു്. ആ സ്ഥിതിക്കു് കുറേ ആളുകളെ ആശുപത്രികളിൽനിന്നു ചികിൽസ കഴിഞ്ഞു പറഞ്ഞയച്ചതായി കാണുന്നതു് പരിപൂർണ്ണമായി സുഖം പ്രാപിച്ചതിനുശേഷമാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പരിപൂർണ്ണമായി എത്ര പേർക്കു് സുഖം കിട്ടി, ടെമ്പററിയായി സുഖം കിട്ടിയവർ എത്ര എന്നുള്ളതിനു് വ്യക്തമായ കണക്കെടുത്തിട്ടില്ല. അല്പം റിലീഫു് കിട്ടിയ നിലയിലാണു് ആശുപത്രി വിട്ടുപോയിട്ടുള്ളതു്.

ശ്രീ. ഇ. പി. ഗോപാലൻ : കോഴിക്കോട്ടെ ക്യാൻസർ വാർഡിലെ ഉപകരണങ്ങളും വേണ്ടിടത്തോളം ഫലപ്രദമായി പ്രവർത്തിക്കാത്തതുകൊണ്ടു് അവിടെനിന്നും രോഗികളും തിരുവനന്തപുരത്തു വരുന്നതായി അറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോഴും അങ്ങനെയല്ല വസ്തുത. പുതിയ എക്സറേ അവിടെ കൊടുത്തിട്ടുണ്ടു്, അതു പ്രവർത്തനം ആരംഭിച്ചിട്ടുണ്ടാവണം.

വനഭൂമി

* 346. [5] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ആകെ എത്ര ഏക്കർ വനഭൂമി, അനധികൃത പ്രവേശനത്തിനു വിധേയമായിട്ടുണ്ടു് ;

(ബി) കുത്തകപ്പാട്ടവ്യവസ്ഥയിൽ എത്ര ഏക്കർ വനം കൃഷിക്കു വേണ്ടി ഗവണ്മെന്റു് ഇതുവരെ നൽകിയിട്ടുണ്ടു് ;

(സി) വനസംരക്ഷണത്തിനു ആവശ്യമില്ലാ എന്നു ഗവണ്മെന്റു കരുതുന്ന വനഭൂമികളും സ്ഥിരമായി പതിച്ചുകൊടുക്കുന്നതിനു എന്തെല്ലാം നടപടികളും ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ)

(എ) വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ.

(ബി) 30695.928 ഏക്കർ.

(സി) വനസംരക്ഷണത്തിന്റെ ആവശ്യമില്ലെന്നു കരുതുന്ന വനഭൂമി സ്ഥിരമായി പതിച്ചുകൊടുക്കുന്നതിനുള്ള സർവ്വേ നടന്നുകൊണ്ടിരിക്കുകയാണു്. സർവ്വേനടന്ന വനത്തിലെ മരങ്ങളും റവന്യൂഡിപ്പാർട്ടുമെന്റു് വെട്ടിമാറ്റിയതിനു ശേഷം കൃഷിക്കാർക്കു വനം പതിച്ചുകൊടുക്കുന്നതാണു്.

ശ്രീ. ജോസഫു് ചാഴിക്കാടൻ : കണ്ണൂർ ജില്ലയിൽ പനത്തടി പഞ്ചായത്തിൽ, നാലയ്യായിരം ഏക്കർ വനഭൂമി, യാതൊരു ആദായവുമില്ലാതെ കിടക്കുന്നതു കൃഷി ചെയ്യാൻ ജനങ്ങൾക്കു പതിച്ചുകൊടുക്കാൻ വല്ല നടപടിയും സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിനെപ്പറ്റി പ്രത്യേകം ചോദിച്ചാൽമാത്രമേ പറയാൻ നിവൃത്തിയുള്ളൂ. വനസംരക്ഷണത്തിനു് ആവശ്യമുള്ളതാണോ, പതിച്ചുകൊടുക്കാവുന്നതാണോ എന്നു പരിശോധിക്കണം.

ശ്രീ. ഈ, പി. ഗോപാലൻ : ഈ ചോദ്യത്തിന്റെ, (എ) വിഭാഗത്തിനു വിവരം ശേഖരിച്ചുവരുന്നു എന്നാണു് മറുപടി പറഞ്ഞതു്. ഇതിനുമുൻപു് കൈയേറപ്പെട്ട വനഭൂമിയുടെ വിസ്തീർണ്ണം പറഞ്ഞിട്ടുള്ളതായും ഓർക്കുന്നു. ഇപ്പോഴും വിവരം ശേഖരിക്കുന്നു എന്നു പറഞ്ഞതു് പുതിയ ചില സ്ഥലങ്ങളിൽ ചില ആക്രമണങ്ങളും നടക്കുന്നുവെന്നു കേൾക്കുന്നതിന്റെ കണക്കെടുക്കാൻ സാധിക്കാത്തതുകൊണ്ടാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : മുൻപു് വിവരം നൽകിയിട്ടുള്ളതു് 1960–നു ശേഷം കൈയേറിയ സ്ഥലത്തെ സംബന്ധിച്ചാണു്. ഈ ചോദ്യം ആദ്യം മുതൽ ഇന്നുവരെ മൊത്തം കൈയേറിയ വനഭൂമിയുടെ കണക്കാണു്. അതിന്റെ വിശദമായ കണക്കെടുത്തിട്ടില്ല.

ശ്രീ. കെ. കുഞ്ഞൻ : അട്ടപ്പാടി പ്രദേശത്തു്, മദിരാശി ഗവണ്മെന്റു് സർവ്വേ നടത്തി തിരിച്ചതിൽ, ഈ സംസ്ഥാനത്തിന്റെവക ഫാറസ്റ്റുകൂടി ഉൾപ്പെട്ടിട്ടുണ്ടെന്നാണു കാണുന്നതു്. ഈ സംസ്ഥാനത്തെ ഫോറസ്റ്റ് അധികൃതർ അവിടെ താവളമുള്ളി എന്നൊരു റോഡു വെട്ടിയതു മദിരാശി ഗവണ്മെന്റിന്റെ ഫാറസ്റ്റിലാണെന്നു പറഞ്ഞു ഗതാഗതതടസ്സം ഉണ്ടാകുത്തക്ക നിലയിൽ അവകാശവാദം ഉന്നയിച്ചിട്ടുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല; ഉടനെ അന്വേഷിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു് : അഖിലേൻഡ്യാ കൃഷി–വന വകുപ്പുകളുടെ മന്ത്രിമാരും, ഉദ്യോഗസ്ഥന്മാരും ചേർന്നുള്ള ഒരു കാൺഫറൻസിൽ, 35 ശതമാനത്തോളം വനഭൂമി സംരക്ഷിക്കണമെന്നു തീരുമാനിച്ചിട്ടുണ്ടു്. ഇപ്പോഴും വനം അത്രത്തോളം ഇല്ലാത്തതുകൊണ്ടു് വനം വച്ചുപിടിപ്പിക്കാൻ ശ്രമിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടു്. ഈ ഗവണ്മെന്റു് അങ്ങനെ വനം വച്ചുപിടിപ്പിക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെയൊരു പരിപാടി ഉണ്ടു്. ഇതിനകംതന്നെ പീരുമേട്ടിൽ വളരെയധികം പ്ലാന്റേഷൻ നടന്നിട്ടുണ്ടു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: രാജ്യത്തു് മൂന്നിലൊന്നുഭാഗം വനമായിരിക്കണമെന്നു ശാസ്ത്രീയമായിട്ടുള്ള ഒരു വിധിയുണ്ടു്. ഇവിടെയാണെങ്കിൽ, 21 ലക്ഷം ഏക്കർ സർക്കാർ വനഭൂമിയും 6 ലക്ഷം ഏക്കർ പ്രൈവറ്റു വനഭൂമിയും ഉൾപ്പെടെ 27 ലക്ഷം ഏക്കറേയുള്ള. കണക്കനുസരിച്ചു് 94 ലക്ഷം ഏക്കറാണു സംരക്ഷിക്കപ്പെടേണ്ടതു്. ആ സ്ഥിതിക്കു മേലാൽ വനം പതിച്ചുകൊടുക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പൊതുവേ പതിച്ചു കൊടുക്കുന്ന നയമല്ല സ്വീകരിച്ചിരിക്കുന്നതു്. പ്രോജക്റ്റു് ഏരിയായിൽനിന്നു പോകുന്നവർക്കു് വേറെ കൊടുക്കുകമാത്രമേ ചെയ്യുന്നുള്ളൂ.

കരിമ്പു സെസ്സു്.

* 347. [6] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിമ്പു സെസ്സിന്റെ ഒരു വലിയവിഭാഗം കരിമ്പുകൃഷി വികസനത്തിനായി വിനിയോഗിക്കണമെന്നു കേന്ദ്രഗവണ്മെന്റിൽനിന്നു സ്റ്റേറ്റു ഗവണ്മെന്റിനെ നിർദ്ദേശിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly